# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്മനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി9-1881/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്മനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി9-1881/23 തീയ്യതി: 22/12/2023

## കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി. സി. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 13-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 13-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി. പി. ആർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സജിമോൾ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ജയശ്രീ. പി. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

യോഗേഷ്. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ഹ. ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സബിത പ്രേംജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സോണി മാത്യു | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിസ്സി ജോൺ. സി. വൈ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീകുമാർ. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ബിന്ദു. റ്റി. റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) | 01-04-2022 | 31-03-2023 |
| ഡോ. മിനിജ. ഡി. നായർ | മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി) | 01-04-2022 | 31-03-2023 |
| ഡോ. ഹസീന. കെ. എച്ച് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| നാൻസി ലിസ തോമസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| നീതു. കെ. എം | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 14-01-2023 | 31-03-2023 |
| രശ്മിമോൾ. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഓമന. വി. എ | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ലേഖ. എം. തമ്പി | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സുനിൽ. എ. പി | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ | 01-04-2022 | 30-04-2022 |
| പ്രദീപ്. പി. ജി | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ | 04-05-2022 | 31-03-2023 |
| ജോസ്നമോൾ കുര്യൻ | കൃഷി ഓഫീസർ | 01-04-2022 | 23-02-2023 |
| അലക്സാണ്ടർ. പി. വൈ | കൃഷി ഓഫീസർ (I/C) | 24-02-2023 | 31-03-2023 |
| ബ്ലസി ജോഷി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 13-03-2023 |
| പ്രിയാമോൾ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫിസർ | 14-03-2023 | 31-03-2023 |
| ലേഖ. എം. തമ്പി | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ(അയ്മനം) | 01-04-2022 | 31-03-2023 |
| പ്രദീപ്. പി. ജി | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ(ഒളശ്ശ) | 04-05-2022 | 31-03-2023 |

29.09.2022 മുതൽ 26.10.2022 വരെയുള്ള കാലയളവിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജ് സെക്രട്ടറിക്കും, 07.01.2023 മുതൽ 13.01.2023 വരെ ഐസിഡിഎസ് സൂപ്പർവൈസറുടെ ചാർജ്ജ് സിഡിപിഒ യ്ക്കും നൽകിയിട്ടുണ്ട്. 01.05.2022 മുതൽ 03.05.2022 വരെ ഒളശ്ശ സർക്കിളിൽ, വിഇഒ സുനിൽ എ പി യ്ക്ക് ചാർഡ്ജ് നൽകിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | അടിസ്ഥാന രേഖകൾ ലഭ്യമല്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-3 |
| 5 | KURDFC ലോൺ - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ പൂർണ്ണമല്ല | 1-1-5 |
| 7 | സംയുക്ത പ്രോജക്റ്റുകളുടെ ഫണ്ട് വിനിയോഗം - തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-6 |
| 8 | Prepaid Programme Expense - തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-7 |
| 9 | DCB - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | Capital Work In Progress - തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല | 1-1-10 |
| 12 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ആസ്തികളുടെ മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല | 1-1-12 |
| 14 | പ്രയർ പീരിയഡ് എക്സ്പെൻഡിച്ചർ - അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല | 1-1-13 |
| 15 | റെക്കൺസിലിയേഷൻ നടപടികളിലെ അപാകതകൾ | 1-1-14 |
| 16 | ബാങ്ക് അകൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-15 |
| 17 | ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-16 |
| 18 | ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-17 |
| 19 | മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-18 |
| 20 | ILGMS -ലെ Past Data Entry (PDE) - അപാകതകൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതിഅവലോകനം. | 1-5 |
| 25 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | സാമൂഹ്യ ക്ഷേമ പദ്ധതികൾ | 1-7 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | സ്വീകരിച്ച ഗുണഭോക്തൃവിഹിതം സമയബന്ധിതമായി അടവാക്കിയില്ല | 1-11 |
| 31 | ഒരേ കെട്ടിടത്തിന്റ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞനിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 32 | കെട്ടിടത്തിന്റെ ശരിയായ തരം നിർണ്ണയിച്ച് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. | 1-13 |
| 33 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 34 | അധിക വിഭവ സമാഹരണം - അവലോകനം | 1-15 |
| 35 | മുറിച്ചു മാറ്റിയ മഹാഗണിമരത്തിന്റെ വാല്യുവേഷൻ എടുത്ത് ലേലം ചെയ്തില്ല | 1-16 |
| 36 | വെള്ളക്കരമിനത്തിൽ വ്യക്തത വരുത്താതെ കുടിശ്ശികയും ഫൈനും അടവാക്കി | 1-17 |
| 37 | വെള്ളക്കരം -സംയുക്ത പരിശോധന -തുടർ നടപടികൾ സ്വീകിരച്ചില്ല | 1-18 |
| 38 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 39 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിച്ചില്ല- പിഴ ഈടാക്കിയില്ല | 1-20 |
| 40 | റോഡ് കണക്ടിവിറ്റി മാപ്പ്- തയ്യാറാക്കിയിട്ടില്ല. | 1-21 |
| 41 | ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ– അർഹത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 42 | കുടിവെള്ള കിണറുകൾ– ഇനംതിരിച്ചുള്ള മൂല്യനിർണ്ണയം നടത്തിയിട്ടില്ല. | 1-23 |
| 43 | കക്കൂസ് നിർമ്മാണം- പൂർത്തീകരണവിവരം ലഭ്യമല്ല | 1-24 |
| 44 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവിന് അധികം തുക നൽകി. | 1-25 |
| 45 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-26 |
| 46 | ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല. | 1-27 |
| 47 | ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം- ബയോ കംപോസ്റ്റ് ബിൻ വിതരണം- അപാകതകൾ | 1-28 |
| 48 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-29 |
| 49 | ധനവിനിയോഗ വിവരം ലഭ്യമായില്ല | 1-30 |
| 50 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ– അവലോകനം | 1-31 |
| 51 | KURDFC വായ്പ - വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന പദ്ധതി -ഗുണഭോക്താവിന് അധിക തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.07.23 തീയതിയിലെ 2(1) തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 (4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-2 അടിസ്ഥാന രേഖകൾ ലഭ്യമല്ല

31.03.2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകൾ ലഭ്യമല്ല.

### 1-1-3 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ്-റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

### 1-1-4 KURDFC ലോൺ - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

KURDFC ലോൺ ഇനത്തിലുള്ള യഥാർത്ഥ വരവും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ പേരിലുള്ള കാനറാ ബാങ്ക് പരിപ്പ് ശാഖയിലുള്ള 110044029526 നം. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, KURDFC ലോൺ ഇനത്തിൽ, 23.05.2022 തീയതിയിൽ 3,80,000/- രൂപയും, 17.06.2022 തീയതിയിൽ 1,40,000/- രൂപയും, 28.06.2022 തീയതിയിൽ 2,00,000/- രൂപയും, 19.08.2022 തീയതിയിൽ 40,000/- രൂപയും ഉൾപ്പെടെ ആകെ 7,60,000/- രൂപ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക RP-31/330500201 ശീർഷകത്തിൽ വായ്പ വരവിനത്തിൽ 14,40,000/- രൂപയുടെ രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു.

### 1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ 31.03.2023-ൽ നിലനിൽക്കുന്നതും 2022-23 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സ്ഥാപനത്തിൽ പരിപാലിയ്ക്കുന്നുണ്ടെങ്കിലും, എല്ലാവിധ ഗ്രാന്റുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നിലനിൽക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

### 1-1-6 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം - തുകയിൽ വ്യത്യാസം നിലനിൽക്കുന്നു

സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ, വാർഷിക ധനകാര്യാ പത്രിക I-6/ 160300101 ശീർഷകത്തിലെ തുകയായ 53,46,971/- രൂപയും, സുലേഖ പത്രികയിലെ ചെലവ് തുകയായ 54,46,971/- രൂപയും തമ്മിൽ, 1,00,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-7 Prepaid Programme Expense - തുകയിൽ വ്യത്യാസം നിലനിൽക്കുന്നു

KURDFC വായ്പ, Prepaid Programme Expense B-16/ 440500101 ശീർഷകത്തിൽ 40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-8 DCB - വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

പ്രധാനനികുതി/നികുതിയേതരയിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല

### 1-1-9 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

**1-1-10 Capital Work In Progress - തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല**

412010101-Capital Work In Progress ശീർഷകത്തിൽ 1,03,82,696/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായില്ല.

**1-1-11 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-12 ആസ്തികളുടെ മൂല്യശോഷണം കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല**

ആസ്തികളുടെ മൂല്യശോഷണം I-17(A) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല

**1-1-13 പ്രയർ പീരിയഡ് എക്സ്പെൻഡീച്ചർ - അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല**

I-18 പ്രകാരം പ്രയർ പീരിയഡ് എക്സ്പെൻഡീച്ചർ ഇനങ്ങളായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

**1-1-14 റെക്കൺസിലിയേഷൻ നടപടികളിലെ അപാകതകൾ**

1. 67093296900 നം. SBI അകൗണ്ടിൽ (PYKKA) അക്കൗണ്ടിന്റെ പലിശയിനത്തിലുള്ള 1434/- രൂപ ഉൾപ്പെടുത്താതെയുള്ള തുകയാണ് ബാങ്ക് ബാലൻസ് തുകയായി 31.03.2023 തീയതിയിലെ റെക്കൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. 110044029526 നം. കാനറാ ബാങ്ക് ലൈഫ് മിഷൻ KURDFC ലോൺ അക്കൗണ്ട്, 110042401750 നം. കാനറാ ബാങ്ക് ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക്) അക്കൗണ്ട് എന്നീ അക്കൗണ്ടുകളുടെ 31.03.2023 തീയതിയിലെ റെക്കൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബാലൻസ് തുക കൃത്യമല്ല. 110042403625 നം. ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിന്റെ (Rural PHC & Wellness Center) 31.03.2023 തീയതിയിലെ റെക്കൺസിലിയേഷൻ പത്രിക പൂർണ്ണമല്ല.

**1-1-15 ബാങ്ക് അകൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപെട്ടിട്ടില്ല**

110042403386 നം. കാനറാ ബാങ്ക് പരിപ്പ് ശാഖയിലുള്ള ഹെൽത്ത് ഗ്രാന്റ് (ബിൽഡിംഗ്) ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-16 ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് - തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു**

ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് നിൽക്കുന്ന 40(B)/450210102 പ്രകാരമുള്ള തുകയും, ബാലൻസ് ഷീറ്റ് B-2/311100101 പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

**1-1-17 ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമായില്ല**

ബാലൻസ് ഷീറ്റ് B4/320800101 പ്രകാരം 31.03.2023 തീയതിയിൽ നിലനിൽക്കുന്ന ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള 1,214,571/- രൂപയുടെ വിശദാംശങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-18 മുൻകൂർ തുകകളുടെ വിശദാംശങ്ങൾ ലഭ്യമായില്ല**

B-18/460500501 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 1,073,644/- രൂപയുടെയും (Advance To Implimenting Officers), B-18/460509901 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 1,727,603/- രൂപയുടെയും

(Advance To Others), B-18/460500202 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 5,064,238/- രൂപയുടെയും (Advance To KSEB), B-18/460500205 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 1,740,000/- രൂപയുടെയും (Advance To PWD), B-18/460500205 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന 1,706,064/- രൂപയുടെയും (Advance To Other Authorized Agencies), വിശദാംശങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല. മുൻഷൂർ തുകകൾ ക്രമീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

### 1-1-19 ILGMS -ലെ Past Data Entry (PDE) - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷമാണ് ILGMS പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി, ILGMS-ൽ Past Data Entry (PDE) അക്കൗണ്ടിങ്ങ് നടത്തിയതിലെ, അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. 31.03.2022 പ്രകാരമുള്ള സാംഖ്യ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ (Grants, Funds, & Contributions For Specifiic Purposes) ആകെ തുകയും (22,883,172/-), ILGMS ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ ആകെ തുകയും (23,001,737/-) തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
3. 31.03.2022 പ്രകാരമുള്ള സാംഖ്യ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ (Other Liabilities) ആകെ തുകയും (2,149,254/-), ILGMS ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിലെ ആകെ തുകയും (2,030,689/-) തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1,58,72,973 | 3,26,66,562 |
| വരവ് | 23,04,04,100 | 6,58,72,158 |
| ആകെ | 24,62,77,073 | 9,85,38,720 |
| ചെലവ് | 22,20,61,300 | 5,45,12,955 |
| നീക്കിയിരിപ്പ് | 2,42,15,773 | 4,40,25,765 |

### 1-3 സാമ്പത്തിക വിശകലനം

അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 3,26,66,562.45/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 6,58,72,158/- |
| ആകെ | 9,85,38,720.45/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 5,45,09,955/- |

| | |
|---|---|
| നീക്കിയിരിപ്പ് (31/03/2023) | 44,028,765.45/ |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 19,40,13,436/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 19,33,18,610/- |
| പ്രവർത്തന മിച്ചം | 6,94,826/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 25,830/- |
| അറ്റ പ്രവർത്തന മിച്ചം | 7,20,656/- |

**2022-23 ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 60000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10371676 |

**1-4 ഗ്രാന്റ് വിനിയോഗം**

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 26037000 | 26037000 | 24238977 | 1798023 |
| വികസന ഫണ്ട്-SCP | 0 | 4788000 | 4788000 | 4625129 | 162871 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 509071 | 4875048* | 5384119 | 3092818 | 2291301 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 3406736 | 9031811 | 12438547 | 5254902 | 7183645 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 7292000 | 7292000 | 3840451 | 3451549 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8592000 | 8592000 | 4366876 | 4225124 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 760100 | 909004 | 1669104 | 149000 | 1520104 |
| ICDS ഫണ്ട് | 1478039 | 1458590 | 2936629 | 1000000 | 1936629 |

*ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട്

സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 248048 രൂപ ഉൾപ്പെടെ

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 4860311 രൂപ, 1234029 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.05.09.22 ലെ സ.ഉ.(സാധാ) നം. 6267/2022 ധന ഉത്തരവ് പ്രകാരം ക്രമീകരിച്ച മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം 8637300 രൂപ എ സി ആർ ൽ ഉൾപ്പെടുത്തിയിട്ടില്ല.

3.05.12.22 ലെ സ.ഉ.(സാധാ) നം. 8253/2022 ധന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതം 2864000 രൂപയും മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഹിതം 2988150രൂപയും അലോട്ട്മെന്റുണ്ട്. ടി തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ അലോട്ട്മെന്റായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രിക പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് കൃത്യമല്ല.

4.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. CFCചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. സി എഫ് സി നീക്കിയിരിപ്പ് വാർഷികകണക്കിൽ കൃത്യമല്ലതനൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

5.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം കാണിക്കുന്ന എ സി ആർ സൂക്ഷിക്കാഞ്ഞതിനാൽ ടി ഫണ്ടുകളുടെ വിനിമയത്തിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 29.07.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അഗീകാരം ലഭിച്ചിട്ടുണ്ട്.
വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ചത് | 7(3)/ 02.12.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 24.05.2022, 10.06.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 28.05.2022 മുതൽ 31.05.2022 വരെ |
| ആസൂത്രണസമിതി യോഗം | 12.01.2022 |
| വികസനസെമിനാർ | 14.06.2022 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 14.09.2022, മുതൽ 18.09.2022 വരെ |
| വികലാംഗ ഗ്രാമസഭ | 14.02.2023 |
| ഊരുകൂട്ടം | 25.05.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 232 | 320604067 | 154 | 67695704 | 78 | 66.37 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 6985707 | 7 | 4356735 |
| വെറ്റിനറി സർജൻ | 10 | 3579000 | 9 | 2289297 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 12 | 3816721 | 10 | 2590458 |
| വി.ഇ.ഒ, ഒളശ്ശ സർക്കിൾ | 16 | 212529971 | 7 | 9896638 |
| വി.ഇ.ഒ, അയ്മനം സർക്കിൾ | 14 | 17023143 | 13 | 10254967 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 9578082 | 12 | 8555436 |
| സെക്രട്ടറി | 36 | 14249580 | 28 | 9340804 |
| അസിസ്റ്റന്റ് എൻജിനീയർ | 94 | 48603511 | 50 | 17479091 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 360000 | 1 | 89002 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 950000 | 2 | 823469 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 1675852 | 9 | 996147 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 8 | 1252500 | 6 | 1023660 |
| ആകെ | 232 | 320604067 | 154 | 67695704 |

**9637567/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 9637567/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 26037000 | 24238977 | 1798023 |
| വികസന ഫണ്ട് (എസ്.സി.പി) | 4788000 | 4625129 | 162871 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7292000 | 3840451 | 3451549 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 8592000 | 4366876 | 4225124 |
| ആകെ | | | 9637567 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 96 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- **നിക്ഷേപ പ്രവൃത്തികൾ- 8860302 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.**

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 8860302/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 5064238/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 1740000/- രൂപയുടെ വിനിയോഗ വിവരവും, മറ്റ് ഏജൻസികളിൽ നിക്ഷേപിച്ച 1706064/- രൂപയുടെ വിനിയോഗ വിവരവും, നിർമ്മിതി കേന്ദ്രത്തിൽ നിക്ഷേപിച്ച 50000/- രൂപയുടെ വിനിയോഗ വിവരവും, IRTC യിൽ നിക്ഷേപിച്ച 300000/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷം തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരികെ നൽകേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 23 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 198 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 101 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 74 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 435.42 ലക്ഷം രൂപ. 100518 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 222 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 244 അയൽക്കൂട്ടങ്ങളിൽ 63 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 1627 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോടുകളുടെ നവീകരണവും കയർഭൂവസ്ത്രം വിരിക്കലും എന്ന പ്രവൃത്തിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 5782 | 909879 | 915661 | 915661 | 0 |
| ഇ.എഫ്.എം.എസ് | 0 | 42626783 | 42626783 | 42626783 | 0 |
| ആകെ | 5782 | 43536662 | 43542444 | 43542444 | 0 |

## 1-7 സാമൂഹ്യ ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 32677100 | 3182 |
| കർഷക തൊഴിലാളി പെൻഷൻ | 13847800 | 1286 |
| വിധവ പെൻഷൻ | 10682800 | 1013 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ് പെൻഷൻ | 541800 | 54 |
| വികലാംഗ പെൻഷൻ | 4428800 | 419 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 04.11.2023 -ന് 02.57 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3,553/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം തൃപ്തികരമല്ല. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. R-TRACK ആപ്പ് ഉപയോഗിച്ചുള്ള റോഡ് ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പകൾ മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/09/22 മുതൽ-28/09/2022 | 01/2022 മുതൽ 03/2022 വരെ | A1-3727/2022 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 11/07/2011 | 04/2017 മുതൽ 06/2022 വരെ | Audit1/AMG1/HQ II/I/C-3/GP/8A /2022-2023/134 |

## 1-11 സ്വീകരിച്ച ഗുണഭോക്തൃവിഹിതം സമയബന്ധിതമായി അടവാക്കിയില്ല

**1)** വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ, 'ക്ലീൻ കോട്ടയം - ഗ്രീൻ കോട്ടയം' സ്പിൽ ഓവർ പദ്ധതിയുടെ (പ്രോജക്ട് നം. 26/2023 - ബയോ ബിൻ വിതരണം) ഭാഗമായി, ഓഡിറ്റ് വർഷം (03.01.2023 തീയതിയിൽ) നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചുനൽകിയ 24462 നം. രസീത് ബുക്കിന്റെ, 01 മുതൽ 62 വരെയുള്ള ലീഫുകൾ പ്രകാരം 62 വ്യക്തികളിൽ നിന്നും ഗുണഭോക്തൃവിഹിതം ഇനത്തിൽ സ്വീകരിച്ച 11,160/-രൂപ (180/- രൂപ X 62 = 11,160/- രൂപ) ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (01/07.11.2023), ഓഡിറ്റ് വേളയിൽ 1230103033/G050302/06.11.2023 നം. രസീത് പ്രകാരം 11,160/- രൂപ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമായിട്ടുണ്ട്. തീയതി, പ്രോജക്ട് നം./പേര്, എന്നിവ രേഖപ്പെടുത്താതെ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് രസീതുകൾ നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. ആയതിനാൽ ഗുണഭോക്തൃവിഹിതം സ്വീകരിച്ച തീയതി വ്യക്തമല്ല. സ്വീകരിച്ച ഗുണഭോക്തൃവിഹിതം സമയബന്ധിതമായി സ്ഥാപനത്തിൽ ഒടുക്കാത്ത നടപടി ക്രമപ്രകാരമല്ല. താത്കാലിക പണാപഹരണം എന്ന നിലയിൽ വിലയിരുത്തേണ്ട ടി നടപടിയുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട്, തുടർ വർഷങ്ങളിൽ വീഴ്ചയുണ്ടാകാതെ, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള കർശ്ശനമായ നിയന്ത്രണവും നിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

**2) രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി**

2021-2022 സാമ്പത്തിക വർഷത്തിൽ 21.04.2021 തീയതിയിൽ, 5555, 5556, 5557, 5558 നം. രസീത് ബുക്കുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ ശ്രീ. സുനിൽ, എ. പി- യ്ക്ക് അനുവദിച്ച് നൽകുകയും, ടി രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ 13.07.2022 തീയതിയിൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ തിരികെ നൽകിയിട്ടുമുണ്ട്. 2022 -2023 വാർഷിക ഓഡിറ്റിന്റെ ഭാഗമായുള്ള 04.11.2023 -ലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് ബാലൻസ് ഭൗതിക പരിശോധനയിൽ ഉപയോഗിക്കാത്ത രസീത് ബുക്കുകൾ '7' എണ്ണം ആണ്. നിലവിലെ സ്റ്റോക്ക് ബാലൻസിൽ, 5555, 5556, 5557, 5558 നം. രസീത് ബുക്കുകൾ ഉൾപ്പെടുത്താതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/10.11.2023), 5555, 5556, 5557, 5558 നം.

രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി, 13.11.2023 തീയതിയിലുള്ള ഉപയോഗിക്കാത്ത രസീത് ബുക്കുകൾ '11' എണ്ണം എന്ന പ്രകാരം സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി മറുപടി ലഭിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-12 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞനിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഗ്രാമ പഞ്ചായത്തിന്റെ 10-ാം വാർഡിൽ (സർവ്വേ നം.572/5-1) സ്ഥിതി ചെയ്യുന്ന രതിൻ കൃഷ്ണ, കൃഷ്ണനിവാസ്, അയ്യനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നാലു മുറികൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/13.11.2023) മറുപടിയായി നികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| പേര് | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി@60 | നിർണ്ണയിച്ച അടിസ്ഥാന നികുതി@ 40 | നഷ്ടം സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|
| രതിൻകൃഷ്ണ, കൃഷ്ണനിവാസ് ,അയ്യനം | 2 A | 32.68 | 32.68x 60 = 1960.8<br>വർദ്ധനവ് @ 20% = 392.16<br>കുറവ്(ഇല്ല) = 0<br>ആകെ = 2353 | 1307.2x40 =1307.2<br>വർദ്ധനവ് @20% = 261.44<br>കുറവ്(ഇല്ല) = 0<br>ആകെ = 1569 | 784/- |
| | 2 B | 29.43 | 29.43x60 = 1765.8<br>വർദ്ധനവ് @ 20% = 353.16<br>കുറവ്(കുറഞ്ഞതരം മേൽക്കുര) 10% = 176.58<br>ആകെ = 1942 | 29.43x40 = 1177.2<br>വർദ്ധനവ് @ 20%= 235.44<br>കുറവ്(കുറഞ്ഞതരം മേൽക്കുര) 10% = 176.58(10% കുറവു തെറ്റായി | 353/- |

| | | | | | |
|---|---|---|---|---|---|
| | | | | കണക്കാക്കി ഇരിക്കുന്നു)<br>ആകെ = 1589 | |
| | 2 C | 106.21 | 106.21x60 = 6372.6<br>വർദ്ധനവ് @ 20% = 1274.52<br>കുറവ്(ഇല്ല) = 0<br>ആകെ = 7647 | 106.21x60 = 6372.6<br>വർദ്ധനവ് @ 20% = 1274.52<br>കുറവ്(ഇല്ല) = 0<br>ആകെ = 7647 | 0 |
| | 2 D | 19 | 19x60 = 1140<br>വർദ്ധനവ് @ 20% = 228<br>കുറവ്(ഇല്ല) = 0<br>ആകെ = 1368 | 19x40 = 760<br>വർദ്ധനവ് @ 20% = 152<br>കുറവ്(ഇല്ല) = 0<br>ആകെ = 912 | 456/- |
| ആകെ | | 187.32 | 13310 | 11717 | 1593 |

വസ്തു നികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 കെട്ടിടത്തിന്റെ ശരിയായ തരം നിർണ്ണയിച്ച് വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.**

ഗ്രാമ പഞ്ചായത്തിന്റെ 10-ാം വാർഡിൽ ശ്രീ. റ്റി.എ ശശിധരൻ, തേവരോലിൽ, മര്യാതുരുത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നം.624/4-സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് പല വർഷങ്ങളിലായി അസെസ്ചെയ്ത് നമ്പർ നൽകി കെട്ടിട നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 14 മുറികളായി തിരിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം നിലവിൽ ലഭ്യമായ രേഖകൾ പ്രകാരം 872.87 ച.മീ ആണ് എന്ന് കാണുന്നു. കെട്ടിടത്തിലെ 4 മുറികൾക്ക് 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ എന്ന വിഭാഗത്തിലും ബാക്കി 10 മുറികൾക്ക് 100 ന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ എന്ന വിഭാഗത്തിലും ഉൾപ്പെടുത്തി വ്യത്യസ്ത നിരക്കുകളിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പ്രഥമ മേഖലയിൽ ഉൾപ്പെട്ട ടി കെട്ടിടത്തിന്റെ മുറികൾക്ക് വിവിധ വർഷങ്ങളിലായി നികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്റർ കൂടുതൽ വഴി (കോട്ടയം-മെഡിക്കൽ കോളേജ് റോഡ്) സൗകര്യത്തിന് 20 % വർദ്ധനവും നൽകിയിട്ടുണ്ട്.ഇത്രയും ബൃഹത്തായ കെട്ടിടത്തിന്റെ വ്യക്തമായ തരം നിർണ്ണയിച്ചതിനു ശേഷമാണോ വിവിധ മുറികൾക്ക് വസ്തു നികുതി നിർണ്ണയിച്ച് നൽകിയത് എന്ന കാര്യത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/10.11.2023) ന് മറുപടിയായി കെട്ടിടത്തിന്റെ ശരിയായ തരം നിർണ്ണയിച്ച് നികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | മുറി നം | വിസ്തീർണ്ണം (ച.മീ ) | അസെസ്മെന്റ് തരം | ഈടാക്കിയ നിരക്ക്(രൂപ) | അസെസ്മെന്റ് വർഷം |
|---|---|---|---|---|---|
| 1 | 115 /J | 5.34 | 100 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2019 |

| | | | | | |
|---|---|---|---|---|---|
| 2 | 115 /K | 27.3 | 100 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2023 |
| 3 | 115/ L | 5.34 | 100 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2019 |
| 4 | 115 /M | 100.2 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2023 |
| 5 | 115/ I | 7.48 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 40 | 2019 |
| 6 | 115 /E | 44.46 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ (60) | 60 | 2023 |
| 7 | 115/ A | 184 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ (60) | 60 | 2023 |
| 8 | 115 /C | 125.36 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ (60) | 60 | 2019 |
| 9 | 115 /D | 63.16 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2021 |
| 10 | 115 /F | 76.32 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2021 |
| 11 | 115 /G | 90 | 100 ച.മീ മുകളിൽ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 60 | 2023 |
| 12 | 115 /O | 34.73 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള | 40 | 2022 |

| | | | | | |
|---|---|---|---|---|---|
| | | | ഹോട്ടൽ,റസ്റ്റോറന്റുകൾ | | |
| 13 | 115 /P | 32.87 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 40 | 2022 |
| 14 | 115 /Q | 76.31 | 100 ച.മീ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ | 40 | 2022 |
| ആകെ വിസ്തീർണ്ണം | | 872.87 ചതുരശ്ര മീറ്റർ | | | |

സഞ്ചയ ഡേറ്റാ ബേസ് പ്രകാരം 872.87 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പല വർഷങ്ങളിലായി അസസ് ചെയ്ത ടി കെട്ടിടത്തിന്റെ തരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഹോട്ടൽ റെസ്റ്റോറന്റ് എന്ന വിഭാഗത്തിൽ തന്നെയാണോ ഉൾപ്പെടേണ്ടത് എന്ന കാര്യത്തിൽ വ്യക്തത വരുത്തി കെട്ടിടത്തിന്റെ ശരിയായ തരം നിർണ്ണയിച്ച് ആകെ ച.മീ നി ആനുപാതികമായി വസ്തു നികുതി ഈടാക്കേണ്ടതാണ്.

**1-14 തൊഴിൽ നികുതി ഈടാക്കിയില്ല**

സ്ഥാപനത്തിൽ സൂക്ഷിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1) | മാന്നാർ ഹോട്ടൽസ് & റിസോർട്സ്, ചീപ്പുങ്കൽ | I & II |
| 2) | റിലയൻസ് റീറ്റെയ്ൽ ലി., കുടമാളൂർ | I & II |
| 3) | മൂസ് ഡെന്റൽ ക്ലിനിക്ക്, കുടയംപടി | II |
| 4) | PJM യു. പി. സ്കൂൾ, അയ്മനം | II |
| 5) | സെന്റ് ലൂഗി സ്കൂൾ, മരിയാത്തുരുത്ത് | II |
| 6) | ഇരവീശ്വരം ദേവസ്വം | I & II |
| 7) | ഹോട്ടൽ കോട്ടയം ഗ്രാന്റ്, കുടയംപടി | I & II |
| 8) | HDFC, കുടമാളൂർ | I & II |
| 9) | റോയൽ റിവേറ റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ചീപ്പുങ്കൽ | I & II |
| 10) | TS 57 (അയ്മനം), TS 53 (പരിപ്പ്), TS 47 | I & II |
| 11) | സെന്റ് ജോൺസ് ഹോസ്പിറ്റൽ, ഒളശ്ശ | II |
| 12) | മോർ സൂപ്പർമാർക്കറ്റ്, കുടയംപടി | II |
| 13) | ജിയോ പോയിന്റ് സ്റ്റോർ, കുടമാളൂർ | II |
| 14) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അക്ഷയ കേന്ദ്രങ്ങൾ, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | I & II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/10.11.2023), മറുപടി ലഭ്യമായിട്ടില്ല. നികുതി തുക ഈടാക്കി വിവരം രേഖമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 അധിക വിഭവ സമാഹരണം - അവലോകനം

കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയങ്ങളാണ്. സ. ഉ. (കൈ) നം.77/2023/ എൽ.എസ്.ജി.ഡി/ 22.3.23 പ്രകാരം, ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ. ഉ (പി) നം. 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്കുകൾക്ക്, 18.10.2023 ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ 4 (1) നം. തീരുമാനം പ്രകാരം കരട് വിജ്ഞാപനം അന്തിമമാക്കി അംഗീകാരം നൽകിയിട്ടുണ്ട്. ഇത് പ്രകാരം, ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി, കരട് വിജ്ഞാപനം 18.09.2023- ൽ പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലെയും ഘടകസ്ഥാപനങ്ങളിലെയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ച (ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം. 2 (1)/ 06.05.2023).

ആക്ഷേപം ഇല്ലാത്തതിനാൽ, ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 4 (1)/ 18.10.2023 നം. തീരുമാനം പ്രകാരം, കരട് വിജ്ഞാപനത്തിലെ നിരക്കുകൾക്ക് അംഗീകാരം നൽകുകയും, അന്തിമ വിജ്ഞാപനം 21.10.2023 തീയതിയിൽ രണ്ട് ദിനപത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, ഗ്രാമ പഞ്ചായത്ത് റോഡ് മാപ്പിംഗ്, R-TRACK പ്ലാറ്റ്ഫോമിൽ പൂർത്തീകരിച്ചിട്ടുണ്ട്. സ. ഉ. (കൈ) നം.117/2022/ എൽ.എസ്.ജി.ഡി/ 01.06.2022 പ്രകാരം, നികുതി വിവര കണക്കുകൾ സാമ്പത്തിക വർഷാവസാനം അജണ്ട ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും, ഗ്രാമ സഭകളിൽ DCB തയ്യാറാക്കി അവലോകനം നടത്തുന്നില്ല. വാർഷിക ധനകാര്യ പത്രിക B-15 പ്രകാരം, ഓഡിറ്റ് വർഷം വസ്തു നികുതി ഇനത്തിൽ 3,69,898/- രൂപ കുടിശ്ശിക നിലനിൽക്കുന്നു. വസ്തു നികുതി സമയബന്ധിതമായും പൂർണ്ണമായും ഈടാക്കുന്നതിനുള്ള സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കുവാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, ലിസ്റ്റ് കാലികമാക്കി പൂർത്തീകരിച്ചിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല. സ്ഥാപനത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 384 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ എണ്ണം, വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിലെ സ്ഥാപന വിവരങ്ങൾ, സഞ്ചയ വെബ് പോർട്ടൽ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം എന്നിവ തമ്മിൽ അന്തരം നിലനിൽക്കുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരങ്ങൾ കാലികമാക്കി രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ, തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും, വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത്, എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകളെ പരമാവധി ഡിമാന്റിലുൾപ്പെടുത്തുവാനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടതും, തനത് വരുമാനം വർധിപ്പിക്കുന്നതിലേയ്ക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാവുന്നതുമാണ്.

## 1-16 മുറിച്ചു മാറ്റിയ മഹാഗണിമരത്തിന്റെ വാല്യുവേഷൻ എടുത്ത് ലേലം ചെയ്തില്ല

ഗ്രാമ പഞ്ചായത്തിലെ വാർഡ്-17-ൽ 52-ാം നമ്പർ അങ്കണവാടിയോട് ചേർന്ന് നിന്നിരുന്ന മഹാഗണി മരം മുറിച്ചുമാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 14.07.2022 17(1) നം.തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ.പ്രസന്നകുമാർ, വട്ടപറമ്പിൽ എന്ന വ്യക്തിക്ക് 7500/- രൂപ (ചെക്ക് നം.10552, തീയതി 16.08.2022) നൽകിയിട്ടുണ്ട്. മുറിച്ചു മാറ്റിയ മഹാഗണി തടി വാല്യുവേഷൻ എടുത്ത് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/08.11.2023) ന് മറുപടിയായി മഹാഗണി തടി നിലവിൽ അങ്കൺവാടി പരിസരത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. മഹാഗണി തടി വാല്യുവേഷൻ എടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വെള്ളക്കരമിനത്തിൽ വ്യക്തത വരുത്താതെ കുടിശ്ശികയും ഫൈനും അടവാക്കി

വാട്ടർ അതോറിറ്റി പി.ച്ച് ഡിവിഷൻ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.05.2022 ലെ 63548 നമ്പർ ഡിമാന്റ് നോട്ടീസിൽ (233 പൊതു ടാപ്പുകൾക്ക് 5788.13 രൂപാ വീതം) താഴെപറയും പ്രകാരം

വെള്ളക്കരമിനത്തിൽ അടവാക്കുവാനുള്ള തുക ഡിമാന്റ് ചെയ്തിരുന്നു.

| | |
|---|---|
| 30.04.22 ലെ നീക്കിയിരിപ്പ് | 147043 |
| ഫൈൻ | 2927 |
| തൻമാസ ഡിമാന്റ് | 112384 |
| ആകെ | 262354 |

പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിൽ നിന്നും സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി പ്രോജക്ട് നം.60/23പ്രകാരം (ബിൽ നം.107/27.08.2022 ) വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-30 പ്രകാരം 2022 മാർച്ച് മാസം വരെയുള്ള വെള്ളക്കരം മുൻകൂറായി വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ആയതിന് ശേഷം 2022 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് ലഭ്യമായിട്ടുള്ളതായി കാണുന്നില്ല. 2022 മാർച്ച് മാസം വരെ തുക അടവാക്കുകയും ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് ലഭ്യമാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ മെയ് മാസം ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിൽ 30.04.22 ലെ നീക്കിയിരിപ്പായി കാണേണ്ടതുക 112384 രൂപയായിരുന്നു. എന്നാൽകുടിശ്ശികയിനത്തിൽ 34659 രൂപ അധികമായിട്ടാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. 2927 രൂപ ഫൈൻ എപ്രകാരം ഡിമാന്റ് നോട്ടീസിൽ ഉൾപ്പെട്ടുവെന്നതും വ്യക്തമല്ല. ആയതിനാൽ വെള്ളക്കരമിനത്തിൽ കുടിശ്ശികയായി 34659 രൂപ (147043-112384) അധികവും 2927 രൂപ ഫൈൻ ഇനത്തിലും അടവാക്കേണ്ടി വന്ന സാഹചര്യം വിശദമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/08.11.23) തുക അധികമായി അടവാക്കിയത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കണക്കുകൾ ബോധ്യപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സാഹചര്യത്തിൽ അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക, ഫൈൻ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും അധികമായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനാൽ വ്യക്തതയില്ലാതെ അടവാക്കിയ 37586 (34659+2927) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-18 വെള്ളക്കരം -സംയുക്ത പരിശോധന -തുടർ നടപടികൾ സ്വീകിരച്ചില്ല**

ഗ്രാമപഞ്ചായത്തിൽ നിലവിൽ 233 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഒരു മാസത്തെ ഡിമാന്റ് തുക 282687/- രൂപയാണ്. 2022-23 വർഷം 233 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 1726800/- രൂപ രണ്ട് പ്രോജക്ടുകൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും അടവാക്കിയിട്ടുള്ളതായി കാണുന്നു. 233 പൊതു ടാപ്പുകളിൽ പലതും പ്രവർത്തന ക്ഷമമല്ലാത്തതിനാൽ അടിയന്തിരമായി സംയുക്ത പരിശോധന നടത്തുന്നതിന് ക്രമീകരണങ്ങൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 17.02.23 ൽ B4-04/PLAN/233/23 നമ്പരായി സെക്രട്ടറി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/08.11.23) 23.05.2023 ൽ സംയുക്ത പരിശോധന നടത്തിയതിന്റെ ഭാഗമായി 160 കണക്ഷനുകൾ വിഛേദിക്കുന്നതിന് നടപടി എടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും ആയത് പ്രകാരം 20.07.2023 ൽ B-4-056/plan330/23 നമ്പർ ആയി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും ചെയ്തതായും വിഷയത്തിൽ നടപടിയാകാത്തതിനാൽ 04.09.2023 ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കാത്ത ടാപ്പുകൾ വിഛേദിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-19 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത

ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം./10.11.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശാനുസരണം തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-20 പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല- പിഴ ഈടാക്കിയില്ല**

ജി.ഒ.(പി)13/PWD/ 1-2-2012 പ്രകാരമുള്ള 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ PAC തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപറയുന്ന പ്രവൃത്തികൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | കരാറുകാരൻ, അളവ് പുസ്തകം | കരാറ് | പൂർത്തികരിക്കേണ്ട തീയതി (സാങ്കേതികാനുമതി രേഖ പ്രകാരം) | പൂർത്തികരിച്ച തീയതി | പി എ സി |
|---|---|---|---|---|---|
| 80/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 1) | സജി എ കുരുവിള ,43/22-23 | 57/AE/LID /AYM/21-22 DT 08.03.22 | 07/07/2022 | 13/03/23 | 493735.95 |
| 81/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 2) | സജി എ കുരുവിള ,6/22-23 | 58/AE/LID /AYM/21-22 DT 08.03.22 | 07/07/22 | 29/12/22 | 494481.55 |
| 82/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 3) | സജി എ കുരുവിള,8/22-23 | 59/AE/LID /AYM/21-22 DT 08.03.22 | 07/07/2022 | 12.01.23 | 283773.5 |

| | | | | | |
|---|---|---|---|---|---|
| 92/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 4) | സജി എ കുരുവിള2/22-23 | 60/AE/LID /AYM/21-22 DT 08.03.22 | 07/07/2022 | 26.09.2022 | 604031 |
| 93/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 5) | ഷിബു കെ വി,1/22-23 | 61/AE/LID /AYM/21-22 DT 08.03.22 | 07/07/2022 | 06.09.22 | 595421 |
| 281/23 പൊതുജല സ്രോതസ് നവീകരണം ( സുജലം 6) | രാജീവ് പി പി, 9/22-23 | 67/AE/LID /AYM/21-22 DT 17.03.22 | 16/07/22 | 24.01.23 | 686602 |

നിയമാനസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 19/10.11.23) കാലാവസ്ഥ വ്യതിയാനം മൂലവും വിവിധ സൈറ്റുകളിൽ ഉണ്ടായ തടസ്സങ്ങൾ മൂലവുമാണ് പ്രവൃത്തികളുടെ കാലയളവ് ദീർഘിപ്പിച്ചു നൽകിയതെന്ന് മറുപടി ലഭ്യമാക്കി. പിഴ ഈടാക്കാത്തത് സംബന്ധിച്ചുള്ള വിശദീകരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതും, ഉപ കരാർ ചമച്ച ആധികാരികമാക്കേണ്ടതുമാണ്.

**<u>മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>**

ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിലെ തോടുകളുടെ ആഴം കൂട്ടുന്നതിനായി സുജലം പദ്ധതി എന്ന പേരിൽ മേൽ പ്രോജക്റ്റുകൾനടപ്പാക്കിയിരുന്നു. തോടുകൾ ആഴം കൂട്ടൽ പദ്ധതിക്ക് മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കിയ NOC യുടെ പകർപ്പ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 28/13.11.23) പഞ്ചായത്ത് പരിധിയിലുള്ള ചെറുതോടുകളായതിനാലാണ് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങാഞ്ഞതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ തോടുകൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയായതിനാൽ നടപ്പാക്കിയ പ്രോജക്റ്റുകൾക്ക് വകുപ്പിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

**<u>1-21 റോഡ് കണക്ടിവിറ്റി മാപ്- തയ്യാറാക്കിയിട്ടില്ല.</u>**

സർക്കാർ ഉത്തരവ് (കൈ)നം. 84/22ത.സ്വ.ഭ.വ തീയതി-19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്റ്റും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്റ്റ് തയ്യാറാക്കിയതായി കാണുന്നില്ല. മുൻവർഷങ്ങളങ്ങളിൽ ഈ ആവശ്യത്തിന് പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് R Track ആപ്ലിക്കേഷൻ ഉപയോഗിച്ച് സർവ്വേ നടന്നുവരുന്നുവെന്നും പ്രവൃത്തി

പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകാൻ 2023-24 വർഷം പ്രോജക്ട് തയ്യാറാക്കുന്നതാണെന്നും അറിയിച്ചു. മാപ്പിങ്ങ് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ- അർഹത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

വീട് വാസയോഗ്യമാക്കുന്നതിന് വി. ഇ. ഒ. അയ്യനം സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

| ക്രമനമ്പർ | പ്രോജക്ട് | ചെലവ് | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 50/23, വീട് വാസയോഗ്യമാക്കൽ ജനറൽ | 60000 തനത് ഫണ്ട് | 2 പേർക്ക് 30000രൂപ വീതം |
| 2 | 51/23 വീട് വാസയോഗ്യമാക്കൽ പട്ടികജാതി | 25467 തനത് ഫണ്ട് | ഒരാൾക്ക് |
| 3 | 107/23വീട് പുനരുദ്ധാരണം പട്ടികജാതി | 1800000 (വികസനഫണ്ട് എസ് സി പി)<br>412500(തനത് ഫണ്ട്)<br>ആകെ 2212500 | 29പേർക്ക് 75000, ഒരാൾക്ക് 37500 |
| 4 | 108/23 വീട് പുനരുദ്ധാരണം ജനറൽ | 4760000 (വികസനഫണ്ട് ജനറൽ) | 119പേർക്ക് 40000രൂപ വീതം |
| | | ആകെ | 7057967 |

**ചെലവിന്റെ വിശദാംശങ്ങൾ**

1.പ്രോജക്ട്50/23

| **ബിൽ നമ്പർ/തീയതി** | **തുക** |
|---|---|
| 4/26.04.2022 | 30000 |
| 41/08.06.2022 | 30000 |
| ആകെ | 60000 |

2.പ്രോജക്ട് 51/23

| **ബിൽ നമ്പർ/തീയതി** | **തുക** |
|---|---|
| 129/12.09.2022 | 25467 |

3.പ്രോജക്ട് 107/23

| **നം.** | **ബിൽ നമ്പർ/തീയതി** | **തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)** |
|---|---|---|
| 1 | 212/12.12.2022 | 150000 |

| | | |
|---|---|---|
| 2 | 217/12.12.2022 | 262500 |
| 3 | 237/15.12.2022 | 150000 |
| 4 | 243/19.12.2022 | 75000 |
| 5 | 258/26.12.2022 | 112500 |
| 6 | 265/28.12.2022 | 37500 |
| 7 | 271/30.12.2022 | 37500 |
| 8 | 307/13.01.2023 | 37500 |
| 9 | 311/16.01.2023 | 187500 |
| 10 | 321/19.01.2023 | 75000 |
| 11 | 336/30.01.2023 | 75000 |
| 12 | 335/28.01.2023 | 150000 |
| 13 | 526/28.03.2023 | 75000 |
| 14 | 570/31.03.2023 | 75000 |
| 15 | 573/31.03.2023 | 37500 |
| 16 | 574/3103.2023 | 37500 |
| | ആകെ | 1800000 |

| നം. | ബിൽ നമ്പർ/തീയതി | തുക (തനത്ഫണ്ട്) |
|---|---|---|
| 1 | 463/16.03.2023 | 262500 |
| 2 | 464/16.03.2023 | 150000 |

4.പ്രോജക്റ്റ് 108/23

| നം. | ബിൽ നമ്പർ/തീയതി | തുക (വികസന ഫണ്ട് ജനറൽ) |
|---|---|---|
| 1 | 241/13.12.2022 | 60000 |
| 2 | 216/13.12.2022 | 220000 |
| 3 | 229/14.12.2022 | 140000 |
| 4 | 241/19.12.2022 | 60000 |
| 5 | 242/19.12.2022 | 60000 |
| 6 | 248/22.12.2022 | 320000 |
| 7 | 249/22.12.2022 | 140000 |
| 8 | 266/28.12.2022 | 20000 |
| 9 | 270/30.12.2022 | 60000 |
| 10 | 281/04.01.2023 | 220000 |
| 11 | 300/11.01.2023 | 340000 |
| 12 | 309/16.01.2023 | 60000 |
| 13 | 312/16.01.2023 | 360000 |
| 14 | 313/18.01.2023 | 120000 |
| 15 | 326/24.01.2023 | 400000 |
| 16 | 328/25.01.2023 | 140000 |
| 17 | 352/03.02.2023 | 60000 |

| | | |
|---|---|---|
| 18 | 373/14.02.2023 | 160000 |
| 19 | 376/14.02.2023 | 300000 |
| 20 | 401/23.02.2023 | 220000 |
| 21 | 421/03.03.2023 | 240000 |
| 22 | 451/15.03.2023 | 200000 |
| 23 | 461/16.03.2023 | 120000 |
| 24 | 462/16.03.2023 | 100000 |
| 25 | 527/28.03.2023 | 240000 |
| 26 | 543/28.03.2023 | 40000 |

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. സർക്കാർ ഉത്തരവ് 115/2022 തസ്വഭവ തീയതി 28/05/2022 ഖ. 6.7.4പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിന് ധനസഹായത്തിന് അർഹതയുള്ളു. എന്നാൽ മേൽ പ്രോജക്ടുളുടെ ഫയലുകളിൽ ഒന്നും കെട്ടിടത്തിന്റെ കാലപ്പഴക്കം പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമല്ല. കാലപ്പഴക്കം കണക്കാക്കാതെയാണ് ആനുകൂല്യം അനുവദിച്ചത് എന്ന് കാണുന്നു. കൂടാതെ ഭൂരിഭാഗം ഫയലുകളിലും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾക്ക് ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണമെന്നുമുള്ള നിബന്ധനയും പാലിച്ചിട്ടില്ല . ആയതിനാൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ അർഹത ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

2 .ക്രമനമ്പർ 1,2 എന്നിവയിൽ പരാമർശിക്കുന്നത് സ്പിൽ ഓവർ പ്രോജക്ടുകളാണ്. ടി വ്യക്തികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമക്കിയില്ല. മുൻ വർഷം ടി വ്യക്തികൾക്ക് ആനുകൂല്യം നൽകിയോ എന്ന് വ്യക്തമല്ല.

3. 107/23വീട് പുനരുദ്ധാരണം പട്ടികജാതി എന്ന പ്രോജക്ട് പ്രകാരം ശ്രീമതി നീതു എന്ന വ്യക്തിയുടെ 16930100033810 നമ്പർ അക്കൗണ്ടിലേക്ക് 37500രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ 526/28.03.23തുക75000). ടിയാളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമല്ല. ടിയാൾ പദ്ധതിയുടെ ഗുണഭോക്താവാണെന്നുള്ളതിന്റെ രേഖകൾ ലഭ്യമല്ല.

4. എസ് സി പി ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ 107/23വീട് പുനരുദ്ധാരണം പട്ടികജാതി എന്ന പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചവർക്ക് പട്ടികജാതി വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചിരുന്നോ എന്ന് വ്യക്തമല്ല. കൂടാതെ തനത് ഫണ്ടിൽ നിന്നും 412500 രൂപ ടി പ്രോജക്ടിന് ചെലവഴിച്ചിട്ടുണ്ട്. ടി ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ12/09.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച 7057967/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കുടിവെള്ള കിണറുകൾ- ഇനംതിരിച്ചുള്ള മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 114/23, കുടിവെള്ളകിണർ നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ അയ്യനം |

| | |
|---|---|
| ചെലവ് | 525000 |

| നം. | ബിൽ നമ്പർ/തീയതി | തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
|---|---|---|
| 1 | 215/13.12.2022 | 52500 |
| 2 | 250/22.12.2022 | 35000 |
| 3 | 315/18.01.2023 | 17500 |
| 4 | 325/24.01.2023 | 17500 |
| 5 | 327/25.01.2023 | 35000 |
| 6 | 353/03.02.2023 | 17500 |
| 7 | 374/14.02.2023 | 17500 |
| 8 | 415/01.03.2023 | 52500 |
| 9 | 441/13.03.2023 | 35000 |
| 10 | 444/14.03.2023 | 52500 |
| 11 | 563/30.03.2023 | 52500 |
| 12 | 565/30.03.2023 | 17500 |
| 13 | 564/30.03.2023 | 17500 |
| 14 | 482/20.03.2023 | 35000 |
| 15 | 490/21.03.2023 | 35000 |
| 16 | 485/20.03.2023 | 35000 |
| | ആകെ | 525000 |

മേൽ പ്രോജക്ട് പ്രകാരം കുടിവെള്ള കിണർ നിർമ്മാണത്തിനായി 30 പേർക്ക് 17500/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. നിർമ്മാണപ്രോജക്ടായതിനാൽ ഇനം തിരിച്ചുള്ള മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ടി വ്യവസ്ഥ പരിഗണിച്ചിട്ടില്ല. കൂടാതെ ആനുകൂല്യം ലഭിച്ച ചിഞ്ചുഫിലിപ്പ് കപ്പടചിറ, ബിനു എൻ ടി നാലത്രചിറ, ചെമ്പകകുട്ടി നന്ദനം, സജിതാമോൾ കറുകത്തറ എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (13/09.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിന് ചെലവഴിച്ച 525000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 കക്കൂസ് നിർമ്മാണം- പൂർത്തീകരണവിവരം ലഭ്യമല്ല

| | | |
|---|---|---|
| പ്രോജക്ട് | 52/23,കക്കൂസ് നിർമ്മാണം | 10/23കക്കൂസ് നിർമ്മാണം |
| അടങ്കൽ | 149000, കേന്ദ്രാവിഷ്കൃത ഫണ്ട് | 2310000(510000 ധനകാര്യകമ്മീഷൻ ഗ്രാന്റ് 1800000കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ അയ്മനം സർക്കിൾ | |
| ചെലവ് | 149000കേന്ദ്രാവിഷ്കൃത | 1078000 |

| | | |
|---|---|---|
| | ഫണ്ട് | (238000 ധനകാര്യകമ്മീഷൻ ഗ്രാന്റ്, 840000കേന്ദ്രാവിഷ്കൃത ഫണ്ട്) |

| വൗച്ചർ നമ്പർ/തീയതി | തുക (കേന്ദ്രാവിഷ്കൃത ഫണ്ട്) | ബിൽ നമ്പർ/തീയതി | തുക (കേന്ദ്രാവിഷ്കൃത ഫണ്ട്) |
|---|---|---|---|
| 22200273/24.06.2023 | 144000 | 22201354/21.03.2023 | 204000 |
| 22200640/11.10.2023 | 50000 | 22201439/31.03.2023 | 420000 |
| | 149000 | 22201428/31.03.2023 | 96000 |
| | | | 1078000 |
| | | 333/28.01.2023 | 119000 |
| | | 390/21.02.2023 | 57800 |
| | | 418/02.03.2023 | 27200 |
| | | 504/23.03.2023 | 34000 |
| | | | 238000 |

52/23 നമ്പർ പ്രോജക്ട് പ്രകാരം 12 പേർക്ക് 12000 രൂപ വീതവും ഒരാൾക്ക് 5000 രൂപയും, 10/23 നമ്പർ പ്രോജക്ട് പ്രകാരം 70 പേർക്ക് 15400/- രൂപ വീതവും ഉൾപ്പെടെ ആകെ 1227000/- രൂപ വിവിധ വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ടി ഗുണഭോക്താൾ നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേക്ഷണക്കുറിപ്പിന് (14/09.11.23) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണവിവരം ലഭ്യമല്ലാത്തതിനാൽ പ്രോജക്ടുകളുടെ ചെലവ് തുക 1227000/- രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താവിന് അധികം തുക നൽകി.

അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ വി.ഇ.ഒ, ഒളശ്ശ സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ശ്രീമതി ജസി സജീവ്, കാട്ടാമ്പള്ളിചിറയിൽ, പുലിക്കുട്ടിശ്ശേരി എന്ന ഗുണഭോക്താവിന് മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരം ആകെ 360000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാംങ്ഷൻ ഓർഡർ നം/ തീയതി | നൽകിയ തുക | ഫണ്ടിനം | പ്രോജക്ട് നം |
|---|---|---|---|
| 71/ 26.7.22 | 160000 | ഹഡ്കോ വായ്പ | 28/23 |
| 153/ 17.1022 | 100000 | ജില്ലാ പഞ്ചായത്ത് വിഹിതം | 28/23 |
| 381/ 16.02.23 | 100000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 109/23 |

| | | | |
|---|---|---|---|
| ആകെ | 360000 | | |

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 26.3.22 ൽ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 100000 രൂപയും 10.7.23 ൽ പ്ലാൻ ഫണ്ടിൽ നിന്നും 60000 രൂപയും ശ്രീമതി ജസി സജീവിന് നൽകിയതായി കാണുന്നു. അതായത് ശ്രീമതി ജസി സജീവിന് ആകെ 520000/- രൂപ ധനസഹായം നൽകിയതായി കാണുന്നു. ജനറൽ വിഭാഗം ഗുണഭോക്താവിന് ലൈഫ് ഭവന പദ്ധതിയിൽ ആകെ 400000 രൂപയാണ് അനുവദിക്കാവുന്നത്. 120000 രൂപ അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/12.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2022-23 ൽ അധികമായി നൽകിയ 60000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച 60000/- രൂപയും 2023-24 ൽ അധികമായി നൽകിയ 60000/- രൂപയും ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

അയ്മനം ഗ്രാമ പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | മിനി മോഹനൻ, പുത്തൻപുരയ്ക്കൽ | 40000 | 18.07.2018 |
| | | 160000 | 14.02.2019 |
| | | 60000 | 30.03.2019 |
| | | 100000 | 19.07.2019 |
| | ആകെ | 360000 | |
| 2 | തിലോത്തമ, മാഞ്ചിറ | 40000 | 13.08.2018 |
| | | 160000 | 12.07.2019 |
| | | 60000 | 30.09.2019 |
| | | 100000 | 19.10.2019 |
| | ആകെ | 360000 | |
| 3 | ബിൻസി കുഞ്ഞുമോൻ, മന്ദംപുഴ | 40000 | 26.10.2018 |
| | | 160000 | 16.09.2019 |
| | | 60000 | 18.09.2019 |
| | | 100000 | 18.09.2020 |
| | ആകെ | 360000 | |
| 4 | ജലജ സോമൻ, ലക്ഷ്മിനിവാസ് | 40000 | 22.02.2019 |
| | | 160000 | 12.07.2019 |
| | | 20000 | 12.07.2019 |
| | | 40000 | 12.12.2019 |

| | | | |
|---|---|---|---|
| | | 42699 | 07.09.2020 |
| | | 50000 | 21.01.2022 |
| | ആകെ | 352699 | |
| 5 | അമ്മിണി പാപ്പി, ഇടത്തൊട്ടിയിൽ | 40000 | 25.07.2018 |
| | | 160000 | 13.12.2018 |
| | | 100000 | 30.01.2019 |
| | | 60000 | 25.03.2020 |
| | ആകെ | 360000 | |
| 6 | കുഞ്ഞുമണി അപ്പു, കുന്നത്ത്ചിറ | 40000 | 3012.2019 |
| | | 160000 | 17.03.2020 |
| | | 160000 | 29.06.2020 |
| | ആകെ | 360000 | |
| 7 | ഷേർളി ബിജു, കമ്പിച്ചിറ | 40000 | 15.02.2020 |
| | | 160000 | 07.07.2020 |
| | | 60000 | 12.07.2020 |
| | | 40000 | 15.02.2020 |
| | | 40000 | 23.05.2022 |
| | | 340000 | |
| 8 | ഉഷാകുമാരി, കണ്ടവളവിൽ | 40000 | 01.02.2020 |
| | | 160000 | 30.12.2020 |
| | | 100000 | 11.2.2021 |
| | | 60000 | 09.08.2021 |
| | ആകെ | 360000 | |
| 9 | പ്രമോദ് കെ. പി, കാര്യാലിൽ | 200000 | 18.09.2020 |
| | | 100000 | 15.03.2021 |
| | | 20000 | 01.07.2021 |
| | | 40000 | 24.10.2021 |
| | ആകെ | 360000 | |
| 10 | സുധാമണി, വാണിയപ്പുരയ്ക്കൽ | 60000 | 08.11.2021 |
| | | 160000 | 12.10.2021 |
| | | 100000 | 27.12.2021 |
| | ആകെ | 320000 | |
| 11 | ശ്രീകല കെ.ടി, പുളിയക്കൽതാഴെ | 40000 | 07.07.2020 |
| | | 100000 | 31.10.2020 |
| | | 180000 | 18.06.2021 |
| | ആകെ | 320000 | |

| | | | |
|---|---|---|---|
| 12 | രാജമ്മ എ.എൻ,കറുകക്കടവിൽ | 40000 | 26.03.2022 |
| | ആകെ | 40000 | |
| 13 | ഐസക് ദാവീദ്, പരയ്ക്കാട്ട്ചിറ | 40000 | 06.02.2021 |
| | | 100000 | 15.03.2021 |
| | | 100000 | 09.12.2021 |
| | | 100000 | 08.03.2022 |
| | ആകെ | 340000 | |
| 14 | ലൈസ പത്രോസ് | 40000 | - |
| | | 160000 | 26.04.2022 |
| | | 160000 | 12.09.2022 |
| | ആകെ | 360000 | |
| 15 | സുശീല സോമൻ, മാലിയിൽ | 40000 | 19.02.2021 |
| | | 160000 | 10.05.2023 |
| | ആകെ | 200000 | |
| 16 | ലിസമ്മ ജോസഫ്, പാലന്തറ | 40000 | 23.02.2021 |
| | | 100000 | 23.05.2022 |
| | ആകെ | 140000 | |
| 17 | ലിന്റോമോൻ, കളപ്പുരപ്പറമ്പിൽ | 40000 | 19.02.2021 |
| | | 100000 | 26.07.2021 |
| | | 160000 | 25.05.2022 |
| | ആകെ | 300000 | |
| 18 | ശാന്തി സുരേഷ്, പനയിടത്തുശ്ശേരി | 40000 | 19.02.2021 |
| | | 100000 | 26.03.2022 |
| | | 180000 | 26.04.2022 |
| | | 40000 | 16.12.2022 |
| | ആകെ | 360000 | |
| 19 | ജോൺസൺ പി.കെ, മഞ്ഞുപാലന്താനത്ത് | 40000 | 01.07.2021 |
| | ആകെ | 40000 | |
| 20 | ശ്യാമളകുമാരി, ചമ്പ്രത്ത് | 40000 | 17.10.2022 |
| | ആകെ | 40000 | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 27/12.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-27 ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം**

**നൽകിയിട്ടില്ല.**

അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ വി.ഇ.ഒ, ഒളശ്ശ സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതിയിൽ 11 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 3 ഗുണഭോക്താക്കൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | അനുവദിച്ച ധനസഹായം | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | വനജ, വട്ടുകുളം | സൈമൺ മത്തായി, മുളയക്കണ്ടത്തിൽ, ഒളശ്ശ | 225000 | 13/22-23 /29.12.22 |
| 2 | ചെല്ലമ്മ, വട്ടുകുളം | സൈമൺ മത്തായി, മുളയക്കണ്ടത്തിൽ, ഒളശ്ശ | 225000 | 13/22-23 /29.12.22 |
| 3 | സാബു, കാട്ടുപറമ്പിൽ | രമണൻ കെ. സി, കുന്നംപുറത്ത് | 200000 | 16/22-23 /01.02.23 |

ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാതിരുന്നതിനുള്ള സാഹചര്യം ഓഡിറ്റിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 26/12.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 650000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം- ബയോ കംപോസ്റ്റ് ബിൻ വിതരണം- അപാകതകൾ**

അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പാക്കിയ പ്രോജക്ട് നം 18/21 പ്രകാരം 2000 ഗുണഭോക്താക്കൾക്ക് ബയോ കംപോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2260000/- രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് (പി.ബി.ഐ.ജി) 1080000 രൂപ, ഗുണഭോക്തൃവിഹിതം 360000 രൂപ എന്നിങ്ങനെ ആകെ 3600000 രൂപയായിരുന്നു പ്രോജക്ടിന്റെ അടങ്കൽ. ഐ. ആർ. ടി. സി മുണ്ടൂർ എന്ന സ്ഥാപനം വഴിയാണ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഒരു ബയോ കംപോസ്റ്റ് ബിന്നിന് 1800 രൂപ നിരക്കിൽ 2000 ബിൻ വാങ്ങി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്. ഗുണഭോക്താക്കളിൽ നിന്നും 180 രൂപ (10%) നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ പ്രോജക്ടിൽ വകയിരുത്തിയിരുന്ന മറ്റ് രണ്ട് ഫണ്ടുകളും 2020-21 ൽ തന്നെ ഐ. ആർ. ടി. സി യ്ക്ക് കൈമാറി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാംങ്ഷൻ ഓർഡർ നം/ തീയതി | കൈമാറിയ തുക | ഫണ്ടിനം |
|---|---|---|
| 194/2.11.20 | 450000 | PBIG |
| 195/2.11.20 | 310000 | CFC |
| 368/2.2.21 | 310000 | CFC |
| 369/2.2.21 | 450000 | PBIG |
| 370/2.2.21 | 180000 | PBIG |

| | | |
|---|---|---|
| 371/2.2.21 | 340000 | CFC |
| 556/27.3.21 | 450000 | CFC |
| 557/27.3.21 | 450000 | CFC |
| 558/27.3.21 | 300000 | CFC |
| ആകെ | 3240000 | |

ഐ. ആർ. ടി. സി യിൽ നിന്നും ബയോ കംപോസ്റ്റ് ബിന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നം/ തീയതി | ബിന്നുകൾ | തുക |
|---|---|---|
| B2B110/ 31.10.20 | 600 എണ്ണം | 1080000 |
| B2B198/ 30.01.21 | 600 എണ്ണം | 1080000 |
| B2B110/ 26.07.21 | 600 എണ്ണം | 1080000 |
| ആകെ | 1800 എണ്ണം | 3240000 |

31.10.20 ന് ബിന്നുകൾ ലഭിച്ചതിന് ശേഷം ഗുണഭോക്താക്കൾക്ക് ബയോ കംപോസ്റ്റ് ബിൻ വിതരണം ചെയ്ത സമയത്ത് 16 രസീത് ബുക്കുകൾ ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുള്ളതായി കാണുന്നു. 14045, 46, 47, 48, 52, 17728, 29, 30, 31, 32, ,34, 35, 24457, എന്നീ 13 രസീത് ബുക്കുകളിലെ 1300 രസീതുകളും 24458 ലെ 1 മുതൽ 24 വരെയുള്ള രസീതുകളും 17733 ലെ 1 മുതൽ 40 വരെയുള്ള രസീതുകളും 24462 ലെ 1 മുതൽ 62 വരെയുള്ള രസീതുകളും ഉൾപ്പടെ ആകെ 1426 ഗുണഭോക്താക്കളിൽ നിന്നും 180 രൂപ വച്ച് ആകെ 256680 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. ലഭിച്ച 1800 ബിന്നുകളിൽ 47 എണ്ണം മാത്രമാണ് ഇനിയും വിതരണം ചെയ്യാനുള്ളത് എന്നിരിക്കെ, 1753 ബിന്നുകൾ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ 1426 ഗുണഭോക്താക്കളിൽ നിന്ന് മാത്രമാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുള്ളത്. അതായത് 327 (1753-1426) ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25/12.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ആകെ വാങ്ങിയ 1800 ബിന്നുകളിൽ 1753 എണ്ണം ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം ഈടാക്കിക്കൊണ്ട് വിതരണം ചെയ്തതായും ബാക്കി 47 എണ്ണം അവശേഷിക്കുന്നതായും പറഞ്ഞു. കൂടാതെ 2019-20 ലെ പ്രോജക്ട് പ്രകാരം സപ്ലൈ ചെയ്തതിൽ 25 ബിന്നുകളും 2020-21 വർഷത്തെ പ്രോജക്ട് പ്രകാരം സപ്ലൈ ചെയ്തതിൽ 50 ബിന്നുകളും കുറവ് വന്നിട്ടുള്ളതിനാൽ ആകെ 75 ബിന്നുകൾ സപ്ലൈ ചെയ്യുന്നതിനായി 25.8.2021 ൽ IRTC യ്ക്ക് കത്തെഴുതിയതായും അറിയിച്ചു. കുറവ് വന്ന 75 ബിന്നുകൾ IRTC യിൽ നിന്ന ലഭ്യമാക്കുന്നതിനും വിതരണം ചെയ്യാതെ അവശേഷിക്കുന്ന 47 ബിന്നുകൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം. ,പേര് | 130/23, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് |
| ചെലവ് | 174123(തനത് ഫണ്ട്) |
| ബിൽ നം. | 32814-189/30.11.23<br>49198-399/22.02.23<br>92111-503/23.03.23 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മേൽ ബില്ലുകൾ പ്രകാരം വിവിധ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് 174123 രൂപ മുൻകൂറായി കൈമാറിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തി കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/08.11.23) പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി നൽകുന്നതാണെന്നും ചെറിയ തുകയായതിനാലാണ് കരാർ വയ്ക്കാത്തതെന്നും മറുപടി ലഭ്യമാക്കി.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 174123/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഭാവിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് സ്ഥാപനവുമായി കരാർ ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 ധനവിനിയോഗ വിവരം ലഭ്യമായില്ല

ഓഡിറ്റ് വർഷം, ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ, പ്രോജക്ട് നം. 205/2023 - SSK വിഹിതം നൽകൽ (ജനറൽ) പദ്ധതിയ്ക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ 5,00,000/- രൂപയും (ബിൽ നം. 02/22-23/27.09.22), പ്രോജക്ട് നം. 207/2023 - SSK വിഹിതം നൽകൽ (SC) പദ്ധതിയ്ക്കായി വികസന ഫണ്ട് (SCP) വിഭാഗത്തിൽ 2,00,000/- രൂപയും (ബിൽ നം. 01/22-23/27.09.22) ചെലവഴിച്ചിട്ടുണ്ട്. ടി തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ, 7,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ഫണ്ടിനങ്ങളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-31 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ- അവലോകനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടിക്ക് അധിക വാടക |
| പ്രോജക്ട് നമ്പർ | 228/22-23 |
| അടങ്കൽ | 183073 |
| ചെലവ് | 183073 |
| ബിൽ നം.&തീയതി | (15753)-8/22-23 തീ.18/10/23<br>(31506)-11/22-23തീ.28/12/22<br>(135814)-22/22-23തീ.28/03/23 |

അയ്മനം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം ആകെ 36അങ്കണവാടികൾ ഉണ്ട്. അതിൽ സ്വന്തമായി കെട്ടിടം ഉള്ള 17 അങ്കണവാടികൾ ഉണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 17 അങ്കണവാടികളും വാടക രഹിതമായി പ്രവർത്തിക്കുന്ന 2 അങ്കണവാടികളുമാണ് ഉള്ളത്. മുഴുവൻ അങ്കണവാടികളിലും കുടിവെള്ള സൗകര്യം ഉണ്ട്. അതിൽ 26അങ്കണവാടികളിൽ പൈപ്പ് കണക്ഷനും ബാക്കി 11 അങ്കണവാടികളിൽ കിണർ സൗകര്യവും ആണ് ഉള്ളത്. മുഴുവൻ അങ്കണവാടികളിലും വൈദ്യുതി കണക്ഷനും ടോയ്‌ലറ്റ് സൗകര്യവും ഉണ്ട്. എന്നാൽ ഒരു അങ്കണ വാടിയിൽ മാത്രമേ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് സൗകര്യം ഉള്ളൂ. മുഴുവൻ അങ്കണവാടികൾക്കും ഫിറ്റനസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. 16 അങ്കണവാടികൾക്ക് മാത്രമേ ചുറ്റുമതിൽ ഉള്ളൂ. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 09/11/23-ലെ 9-ാം നമ്പർ എൻക്വയറി നൽകിയതിന് നൽകിയ മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ ആണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത 19 അങ്കണവാടികൾക്കും എത്രയും വേഗം കെട്ടിടം നിർമ്മിക്കുന്നതിനും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടിക്ക് സ്ഥലവും കെട്ടിവും ലഭ്യമാക്കുന്നതിനും മറ്റുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-32 KURDFC വായ്പ - വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

സ്ഥാപനത്തിന്റെ പേരിലുള്ള കാനറാ ബാങ്ക് പരിപ്പ് ശാഖയിലുള്ള 110044029526 നം. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, KURDFC ലോൺ ഇനത്തിൽ, 23.05.2022 തീയതിയിൽ 3,80,000/- രൂപയും, 17.06.2022 തീയതിയിൽ 1,40,000/- രൂപയും, 28.06.2022 തീയതിയിൽ 2,00,000/- രൂപയും, 19.08.2022 തീയതിയിൽ 40,000/- രൂപയും ഉൾപ്പെടെ ആകെ 7,60,000/- രൂപ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 45,17,540/- രൂപ, ജി. ഓ പ്രോജക്ട് പ്രകാരം വായ്പ തിരിച്ചടവിനത്തിൽ ഗ്രാന്റ് അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക RP-31/330500201 ശീർഷകത്തിൽ വായ്പ വരവിനത്തിൽ 14,40,000/- രൂപയുടെയും, ബാലൻസ് ഷീറ്റ് B-5/330500201 ശീർഷകത്തിൽ 2,55,50,825/- രൂപയുടെയും രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു. വായ്പ വരവിനത്തിൽ 14,40,000/- രൂപ രേഖപ്പെടുത്തിയിട്ടുള്ളതിന്റെയും, ബാലൻസ് ഷീറ്റ് തുകയിൽ 40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിന്റെയും സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.11.2023), ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിലുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ തെറ്റായി റെസിപ്റ്റ് ചെയ്തിരുന്നുവെന്നും, അഡ്ജസ്റ്റ്മെന്റ് ജേണൽ എൻട്രി നടത്താതെ റെക്റ്റിഫിക്കേഷൻ ജേണൽ എൻട്രി ചെയ്യപ്പെട്ടതിനാൽ, റെസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ലെന്നും, ആയത് മൂലം ബാലൻസ് ഷീറ്റിൽ 40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുവെന്നും, തുടർ വർഷത്തിൽ തുക ക്രമീകരിച്ച് അക്കൗണ്ട് കാലികമാക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവന പദ്ധതി -ഗുണഭോക്താവിന് അധിക തുക നൽകി

അയ്മനം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ വി.ഇ.ഒ, ഒളശ്ശ സർക്കിൾ നിർവ്വഹണോദ്യോഗസ്ഥനായി ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ശ്രീമതി ജസി സജീവ്, കാട്ടാമ്പള്ളിചിറയിൽ, പുലിക്കുട്ടിശ്ശേരി എന്ന ഗുണഭോക്താവിന് മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരം ആകെ 360000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാംങ്ഷൻ ഓർഡർ നം/ തീയതി | നൽകിയ തുക | ഫണ്ടിനം | പ്രോജക്ട് നം |
|---|---|---|---|
| 71/ 26.7.22 | 160000 | ഹഡ്കോ വായ്പ | 28/23 |
| 153/ 17.1022 | 100000 | ജില്ലാ പഞ്ചായത്ത് വിഹിതം | 28/23 |
| 381/ 16.02.23 | 100000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 109/23 |

| | | | |
|---|---|---|---|
| ആകെ | 360000 | | |

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 26.3.22 ൽ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 100000 രൂപയും 10.7.23 ൽ പ്ലാൻ ഫണ്ടിൽ നിന്നും 60000 രൂപയും ശ്രീമതി ജസി സജീവിന് നൽകിയതായി കാണുന്നു. അതായത് ശ്രീമതി ജസി സജീവിന് ആകെ 520000 രൂപ ധനസഹായം നൽകിയതായി കാണുന്നു. ജനറൽ വിഭാഗം ഗുണഭോക്താവിന് ലൈഫ് ഭവന പദ്ധതിയിൽ ആകെ 400000 രൂപയാണ് അനുവദിക്കാവുന്നത്. 120000 രൂപ അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/12.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2022-23 ൽ അധികമായി നൽകിയ 60000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച 60000 രൂപയും 2023-24 ൽ അധികമായി നൽകിയ 60000 രൂപയും ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 15.07.2023 | 09.11.2023 |

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 2(1)/15.07.2023 നം. തീരുമാനം പ്രകാരം, 2022-2023 വാർഷിക ധനകാര്യ പത്രികക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ** | 2022-23 | 8,00,000/- | ലൈഫ് ഭവന പദ്ധതി (28/23) | 8,00,000/ | 0 |
| | 2022-23 | 1,10,666/- | ലൈഫ് ഭവന പദ്ധതി (ST) (123/23) | 1,10,666/- | 0 |
| | 2022-23 | 2,60,000/- | ലൈഫ് ഭവന പദ്ധതി (SC) (122/23) | 2,60,000/- | 0 |
| | 2022-23 | 10,00,000/- | ലൈഫ് ഭവന പദ്ധതി (GEN) (109/23) | 10,00,000/- | 0 |
| | 2022-23 | 30,964/- | സാന്ത്വന | 30,964/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | ചികിത്സാപദ്ധതി (05/23) | | |
| | 2022-23 | 5,22,400/- | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് (23/23) | 5,22,400/- | 0 |
| | 2022-23 | 1,73,469/- | പാലിന് ഇൻസെന്റീവ് (111/23) | 1,73,469/- | 0 |
| | **ആകെ** | **28,97,499/-** | **ആകെ** | **28,97,499/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2022-23 | 12,20,000/- | ലൈഫ് ഭവന പദ്ധതി (28/23) | 12,20,000/- | 0 |
| | 2022-23 | 8,60,000/- | ലൈഫ് ഭവന പദ്ധതി (SC) (122/23) | 8,60,000/- | 0 |
| | 2022-23 | 26,60,000/- | ലൈഫ് ഭവന പദ്ധതി (GEN) (109/23) | 26,60,000/- | 0 |
| | 2022-23 | 2,56,971/- | സാന്ത്വന ചികിത്സാപദ്ധതി (05/23) | 2,56,971/- | 0 |
| | 2022-23 | 1,50,000/- | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് (23/23) | 1,50,000/- | 0 |
| | 2022-23 | 2,00,000/- | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (03/23) | 2,00,000/- | 0 |
| | 2022-23 | 1,00,000/- | കിണർ റീചാർജ്ജിംഗ് (48/23) | 1,00,000/- | 0 |
| | **ആകെ** | **54,46,971/-** | **ആകെ** | **54,46,971/-** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി | ഇലക്ട്രിക് | 1,74,123/- | 0 | 1,74,123/- |

| | | | | | | |
|---|---|---|---|---|---|---|
| | | പോസ്റ്റ് ഷിഫ്റ്റിംഗ് (130/23) | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 2,93,48,365/- | 7,60,000/- | *45,17,540/- | - | 2,55,90,825/- |

*Source Deduction

Development Fund General : 16,41,755/- (Proj. No : 290/23)

Development Fund General : 16,41,756/- (Proj. No : 303/23)

SCSP : 6,17,014/- (Proj. No : 293/23)

SCSP : 6,17,015/- (Proj. No : 302/23)

സ്ഥാപനത്തിന്റെ പേരിലുള്ള കാനറാ ബാങ്ക് പരിപ്പ് ശാഖയിലുള്ള 110044029526 നം. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, KURDFC ലോൺ ഇനത്തിൽ, 23.05.2022 തീയതിയിൽ 3,80,000/- രൂപയും, 17.06.2022 തീയതിയിൽ 1,40,000/- രൂപയും, 28.06.2022 തീയതിയിൽ 2,00,000/- രൂപയും, 19.08.2022 തീയതിയിൽ 40,000/- രൂപയും ഉൾപ്പെടെ ആകെ 7,60,000/- രൂപ സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. 45,17,540/- രൂപ ജി. ഓ പ്രോജക്റ്റ് പ്രകാരം വായ്പ തിരിച്ചടവിനത്തിൽ ഗ്രാന്റ് അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക RP-31/330500201 ശീർഷകത്തിൽ വായ്പ വരവിനത്തിൽ 14,40,000/- രൂപയുടെയും, ബാലൻസ് ഷീറ്റ് B-5/330500201 ശീർഷകത്തിൽ 2,55,50,825/- രൂപയുടെയും രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു. വായ്പ വരവിനത്തിൽ 14,40,000/- രൂപ രേഖപ്പെടുത്തിയിട്ടുള്ളതിന്റെയും, ബാലൻസ് ഷീറ്റ് തുകയിൽ 40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നതിന്റെയും സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.11.2023), ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിലുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ തെറ്റായി റെസിപ്റ്റ് ചെയ്തിരുന്നുവെന്നും, അഡ്ജസ്റ്റ്മെന്റ് ജേണൽ എൻട്രി നടത്താതെ റെക്റ്റിഫിക്കേഷൻ ജേണൽ എൻട്രി ചെയ്യപ്പെട്ടതിനാൽ, റെസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ലെന്നും, ആയത് മൂലം ബാലൻസ് ഷീറ്റിൽ 40,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുവെന്നും, തുടർ വർഷത്തിൽ തുക ക്രമീകരിച്ച് അക്കൗണ്ട് കാലികമാക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

2022-2023 ബാലൻസ് ഷീറ്റ് പ്രകാരം, സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് വർഷം, ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-1 | 2014-15 | 4.1.15 | പൊതുകളിസ്ഥലം--പാഴ്ച്ചെലവായി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 1999-2000, 2001-02 | 17 | 2004-05 | 2-4 | കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | 4.1.5 | നിഷ്ക്രിയാസ്തികൾ -വനിതാ വ്യവസായകേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | തൊഴിൽ നികുതി 4.1.7 | അയ്യനം കുടിവെള്ള പദ്ധതി-പ്രവർത്തന രഹിതമാണ് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2014-15 | 2-2-1,2-2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണയിലാണ് |
| 2015-16 | 2-4 | 2016-17 | അനുബന്ധം | തൊഴിൽ നികുതി | അക്കൗണ്ട്സ് |

| | | | | | |
|---|---|---|---|---|---|
| | | | 5 | | കമ്മറ്റിയുടെ പരിഗണയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 98,538,720/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 54,509,955/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 60000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10371676 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്)

**(ബി ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 3-1 | | 60000 | ശ്രീ . പ്രദീപ് പി.ജി , വി ഇ ഒ (ഒളശ്ശ സർക്കിൾ) അയ്മനം ഗ്രാമപഞ്ചായത്ത് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 37586 | സോണി മാത്യു, സെക്രട്ടറി |
| 1-22 | 7057967 | ലേഖ എം തമ്പി, വിഇഒ അയ്മനം |
| 1-23 | 525000 | ലേഖ എം തമ്പി, വിഇഒ അയ്മനം |

| | | |
|---|---|---|
| 1-24 | 1227000 | ലേഖ എം തമ്പി, വിഇഒ അയ്മനം |
| 1-27 | 650000 | പ്രദീപ് പി ജി, വിഇഒ, ഒളശ്ശ |
| 1-29 | 174123 | സോണി മാത്യു, സെക്രട്ടറി |
| 1-30 | 700000 | ഓമന വി എ, ഹെഡ്മിസ്ട്രസ് |
| ആകെ | 10371676 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഉദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപ് പി ജി വിഇഒ (ഒളശ്ശ സർക്കിൾ) അയ്മനം | വിഇഒ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | പുത്തൻമാലിൽ പാറമ്പുഴ പി ഒ |

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 99-00, 00-01, 01-02 പ്ലാൻ | എൽ.എഫ്.കെ.പി.10/1291 /11/16.6.12 | 8 |
| 96-97 വരവ് | എൽ.എഫ്.കെ.പി.4/509 /07/26.7.07/1.10.07 | 3 |
| 98-99 വരവ് | എൽ.എഫ്.കെ.പി.4/511 /07/5.10.09/6.11.09 | |
| 06-07 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22) 1782(2)/22/19.08.2022 | 4 |
| 07-08 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(2)/22 19.08.22 | 1 |
| 08-09 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(3)/22 19.08.22 | 3 |
| 09-10 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(4)/22 | 5 |

| | | |
|---|---|---|
| | 19.08.22 | |
| 10-11 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(5)/22 19.08.22 | 1 |
| 11-12 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(6)/22 19.08.22 | 7 |
| 12-13 വരവുചെലവ് | എൽ.എഫ്.കെ.പി.10-504/15 /28.05.15 | 20 |
| 13-14 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി10/256 /15/16.02.16 | 20 |
| 2014-15 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9(അദാ.22)1799(7)/22 19.08.22 | 9 |
| 2015-16 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം.പി9/1691 /2021/23.05.2022 | 6 |
| 2016-17 വരവുചെലവ് | കെ എസ് എ കെ റ്റി എം പി 9 112/18/29.01.2018 | 18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 9/2078 /18/30.4.2019 | 15 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.9/648 /2020/29.06.2020 | 22 |
| 2019-20 | നം.കെ.എസ്.എ-കെ.ടി.എം.പി.9/508/2022 31.03.2022 | 16 |
| 2020-21 | നം.കെ.എസ്.എ-കെ.ടി.എം.പി.9/509 /2022/05.05.2022 | 29 |
| 2021-22 | നം.കെ.എസ്.എ-കെ.ടി.എം.പി.9/2429 /2022/20.12.2022 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Aymanam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aymanam Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Aymanam Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2) Basic records are not available to verify the accuracy of General Fund and Capital Reserves of the Panchayat as on 31.03.2023.

3) Non Disclosure of Capital Contribution. Details of adjustment of capital contribution is not available.

4) KURDFC Loan balance as on 31.03.2023 as per Annual Financial Statement does not match with the actuals.

**2.Other Observations**

1) ACR of Special Purpose Grants is not complete. The accuracy of the amounts in Schedule B-4 Balance

Sheet, cannot be ascertained.

2) Expenditure of joint venture projects (District Panchayat Share) -AFS value has not been reconciled with Sulekha expenditure statement.

3) Prepaid Programme Expenses head of account does not reflect actual loan liability.

4) Tax and Non tax receipts - DCB register values has not been reconciled with the AFS values.

5) Adequate provision has not been made in the Income and Expenditure account, for the dues of the year.

6) Capital Work in Progress- accounting and adjustment details and data not provided.

7) Government/Other dues register not maintained.

8) Data for Depreciation Calculation sheet for the year has not provided.

9) Prior Period expenditure/Income details are not provided as notes on account.

10) Reconciliation procedures has not been followed in certain bank accounts.

11) The Health Grant (Building) bank account (A/c No : 110042403386 in-Canara Bank Parippu Branch) is not included in the Annual Financial Statement.

12) Balance of Distress Relief Fund differs between RP40(b) and B2 Schedule.

13) Details of amount under Beneficiary Contribution, are not provided.

14) Details of advance amounts were not explained.

15) Accounting anomalies are there, in Past Data Entry (PDE) accounting in ILGMS. The (B-4) and (B-9) schedule values in ILGMS as on 31.03.2022, are not reconciled with the Sankhya values.

**Deputy Director**
**District Audit Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്